18/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 713(2)/2020**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14871**/എസ്.ഐ.സി-ജി 6/20)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ബി.ബാലചന്ദ്രൻ നായർ,
ടി.സി.76/501, നിഖിൽ നിവാസ്,
കിളികുന്നം ലയിൻ, ആനയറ പി.ഒ.,
തിരുവനന്തപുരം – 29. — പരാതി ഹർജിക്കാരൻ

**Vs**

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
പ്രിൻസിപ്പൽ സെക്രട്ടറിയുടെ കാര്യാലയം,
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. — എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19.11.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | – |
| അപ്പീലിന് മറുപടി നൽകിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 22.12.2020 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 22.12.2020 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ബി.ബാലചന്ദ്രൻ നായർ, 22.12.2020ന് സമർപ്പിച്ച പരാതി ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.713(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 19.11.2020ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെട്ട ശ്രീമതി ചെല്ലമ്മ, ഗംഗാദേവി എന്നിവരുടെ കേസ് അന്വേഷണവുമായി ബന്ധപ്പെട്ട രേഖകൾ ആവശ്യപ്പെട്ട് ഹർജിക്കാരൻ 15.06.2020ന് നൽകിയ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും 1998 & 2017 എന്നീ വർഷങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ആവശ്യപ്പെട്ടതെന്നും 15.06.2020ലെ പരാതി പ്രിൻസിപ്പൽ സെക്രട്ടറി, ഹെൽത്ത് & ഫാമിലി വെൽഫയർ ഡിപ്പാർട്ട്മെന്റിൽ 17.06.2020ന് സ്വീകരിച്ചതിന്റെ അസ്സൽ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

4. 23.10.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ എതിർകക്ഷി ഹാജരായിരുന്നു. പരാതി ഹർജിക്കാരൻ ഹാജരായില്ല.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന് കാലാവധി കഴിഞ്ഞിട്ടും മറുപടി ലഭ്യമായില്ലെന്നാണ് കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. എന്നാൽ ഹർജിക്കാരന്റെ 15.06.2020ലെ അപേക്ഷയിൽ പരാമർശിച്ചിരുന്ന വിഷയത്തിൽ സർക്കാരിൽ നിന്നും വിവരങ്ങളൊന്നും ടിയാന് ലഭ്യമാക്കാനുണ്ടായിരുന്നില്ലെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളൊന്നുംതന്നെ ടി അധികാരിയുടെ കൈവശമുണ്ടായിരുന്നില്ലെന്നുള്ള വിവരം നൽകുവാൻ എസ്.പി.ഐ.ഒ.യുടെ ഉത്തരവ് ലഭിച്ചിരുന്നെങ്കിലും ഹർജിക്കാരന് മറുപടി നൽകിയിരുന്നില്ല എന്നാണ് ഇപ്പോൾ ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നതെന്നാണ് എതിർകക്ഷി കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

ഹർജിക്കാരന്റെ അപേക്ഷയ്ക്ക് വിവരാവകാശ നിയമം അനുശാസിക്കുന്ന സമയ പരിധിയ്ക്കുള്ളിൽ മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ പരാമർശിത കാലയളവിലെ എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ടി വീഴ്ച വിവരാകാശ നിയമപ്രകാരം ഗുരുതരമാകയാൽ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടു

വിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 ഒക്ടോബർ 23-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)